"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിലവിലുള്ള ഡഫേദാർ തസ്തിക ഓഫീസ് അറ്റൻഡന്റ് തസ്തികയാക്കി പരിവർത്തനം ചെയ്തു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ - ഇ) വകുപ്പ്**

സ.ഉ.(കൈ) നം.75/2025/GAD തീയതി,തിരുവനന്തപുരം, 31-05-2025

---

പരാമർശം:- കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 06.12.2018, 23.05.2023, 19.04.2024, 25.07.2024, 13.11.2024 - ലെ EST III (3) 85/2016/ഗവി നമ്പർ കത്തുകൾ.

**ഉത്തരവ്**

കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിലവിലുള്ള ഓഫീസ് അറ്റൻഡന്റുമാരിൽ നിന്നും സ്ഥാനക്കയറ്റം മുഖേനയാണ് ഡഫേദാർ തസ്തികകളിലേക്ക് നിയമനം നടത്തുന്നത്. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിലവിലുള്ള 21 ഡഫേദാർ തസ്തികകളിൽ 8 തസ്തികകളിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം വഴി നിയമനം നൽകുകയും, അവശേഷിക്കുന്ന 13 തസ്തികകളിൽ ഓഫീസ് അറ്റൻഡന്റുമാർക്ക് താൽക്കാലിക ക്രമീകരണത്തിൽ ഡഫേദാർ ചുമതല നൽകിയിരിക്കുകയുമാണ്. ഡഫേദാർമാർക്ക് മറ്റ് സ്ഥാനക്കയറ്റ സാദ്ധ്യതകൾ ഇല്ലാത്തതിനാൽ പ്രസ്തുത തസ്തികയിലെ നിയമനത്തിന് ഓഫീസ് അറ്റൻഡന്റുമാർ തയ്യാറാകുന്നില്ലെന്നും ആയതിനാൽ 17000-37500 രൂപ ശമ്പള സ്കെയിലിലുള്ള 21 ഡഫേദാർ തസ്തികകൾ 16500-35700 രൂപ ശമ്പള നിരക്കിലുള്ള ഓഫീസ് അറ്റൻഡന്റ് തസ്തികകളായി മാറ്റണമെന്ന് പരാമർശ കത്തുകൾ പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി സർക്കാരിന് ശിപാർശ സമർപ്പിച്ചിരുന്നു.

(2) ഡഫേദാർ തസ്തിക ഓഫീസ് അറ്റൻഡന്റ് തസ്തികയാക്കി പരിവർത്തനം ചെയ്യുന്നതിന് ജീവനക്കാരുടെ സംഘടനകൾ അനുകൂല അഭിപ്രായം അറിയിച്ചിട്ടുള്ളതായും ആയതിനാൽ നിലവിൽ ഡഫേദാർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്നവർക്ക് നിലവിലെ ശമ്പളം സംരക്ഷിച്ചുകൊണ്ടും, ടി ജീവനക്കാർ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ തുടർന്നുവെങ്കിൽ ലഭിക്കുമായിരുന്ന സീനിയോരിറ്റി സംരക്ഷിച്ചുകൊണ്ടും നിലവിലുള്ള ഡഫേദാർ തസ്തികകൾ ഓഫീസ് അറ്റൻഡന്റ് തസ്തികകളാക്കി മാറ്റാവുന്നതാണെന്നും ഇക്കാര്യത്തിൽ സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യതയൊന്നുമുണ്ടാകുന്നില്ലെന്നും പ്രസ്തുത ശിപാർശയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി വ്യക്തമാക്കിയിരുന്നു.

(3) മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ചുവടെ സൂചിപ്പിക്കുന്ന പ്രകാരം ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു.

1. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിലവിലുള്ള 17000-37500 ശമ്പള സ്കെയിലിലുള്ള 21 ഡഫേദാർ തസ്തികകൾ 16500-35700 ശമ്പള സ്കെയിലിലുള്ള ഓഫീസ് അറ്റൻഡന്റ്

തസ്തികകളാക്കി പരിവർത്തനം ചെയ്യുന്നു.

2. നിലവിൽ ഡഫേദാർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന 8 (എട്ട്) ഉദ്യോഗസ്ഥർക്ക് അവർ നിലവിൽ വാങ്ങിക്കൊണ്ടിരിക്കുന്ന ശമ്പളം സംരക്ഷിച്ച് നല്കുന്നു.
3. പ്രസ്തുത 8 (എട്ട്) ഉദ്യോഗസ്ഥർക്ക് അവർ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ തുടർന്നുവെങ്കിൽ ലഭിക്കുമായിരുന്ന സീനിയോരിറ്റി സംരക്ഷിച്ച് നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
പൊതുഭരണ (എസ്.സി.) വകുപ്പ് (ഇനം നം. 2974 തീയതി 28.05.2025)
ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ് (ADV-A2/120/2022-P&ARD തീയതി, 18.03.2023 പ്രകാരം)
ധനകാര്യ വകുപ്പ് (EXP-A2/321/2019-FIN തീയതി, 02.04.2025 പ്രകാരം)
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 31-05-2025 11:36:17
സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 28-05-2025

ഫയൽ നം. സ്പെ.ഇ.1/192/2018/പൊ.ഭ.വ. ഇനം നം: 2974

വിഷയം : പൊതുഭരണ വകുപ്പ് - കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിലവിലുള്ള ഡഫേദാർ തസ്തിക ഓഫീസ് അറ്റൻഡന്റ് തസ്തികയാക്കി മാറ്റുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുഭരണ വകുപ്പ്.

29/05/25
12.30 noon

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നം. | : | സ്പെ.ഇ 1/192/2018/പൊ.ഭ.വ |
| 2 | വകുപ്പ് | : | പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ് |
| 3 | വിഷയം | : | കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിലവിലുള്ള ഡഫേദാർ തസ്തിക ഓഫീസ് അറ്റൻഡന്റ് തസ്തികയാക്കി മാറ്റുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 02.05.2025 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അല്ല |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്<br>ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. സുധ. ബി |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ. ബിജു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 15.05.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 17.05.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 21.05.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 22.05.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിലവിലുള്ള ഡഫേദാർ തസ്തിക ഓഫീസ് അറ്റൻഡന്റ് തസ്തികയാക്കി മാറ്റുന്നതുമായി ബന്ധപ്പെട്ടുള്ളതാണ് ഈ കുറിപ്പ്.

2) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിലവിലുള്ള ഓഫീസ് അറ്റൻഡന്റുമാരിൽ നിന്നും സ്ഥാനക്കയറ്റം മുഖേനയാണ് ഡഫേദാർ തസ്തികകളിലേക്ക് നിയമനം നടത്തുന്നത്. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിലവിലുള്ള 21 ഡഫേദാർ തസ്തികയിൽ 8 തസ്തികകളിൽ ഓഫീസ് അറ്റൻഡൻറ് തസ്തികയിൽ നിന്നും നിയമിക്കപ്പെട്ടവരും അവശേഷിക്കുന്ന 13 തസ്തികകളിലേയ്ക്ക് ഓഫീസ് അറ്റൻഡന്റുമാരിൽ നിന്നും താൽക്കാലിക ക്രമീകരണത്തിൽ ഡഫേദാർ ഡ്യൂട്ടി നിർവ്വഹിക്കുന്നവരുമാണ്. സ്ഥാനക്കയറ്റം ലഭിക്കുന്ന ഡഫേദാർമാർക്ക് മറ്റ് സ്ഥാനക്കയറ്റ സാദ്ധ്യതകൾ ഇല്ലാത്തതിനാൽ പ്രസ്തുത തസ്തികയിലെ നിയമനത്തിന് ഓഫീസ് അറ്റൻഡന്റുമാർ തയ്യാറാകുന്നില്ലെന്നും ആയതിനാൽ 17000–37500 രൂപ സ്കെയിലിലുള്ള 21 ഡഫേദാർ തസ്തികകൾ 16500–35700 രൂപ ശമ്പള നിരക്കിലുള്ള ഓഫീസ് അറ്റൻഡന്റ് തസ്തികകളായി മാറ്റണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പി.എസ്.സി സെക്രട്ടറി ശിപാർശ സമർപ്പിച്ചിരുന്നു.

3) ഡഫേദാർ തസ്തിക ഓഫീസ് അറ്റൻഡന്റ് തസ്തികയാക്കി പരിവർത്തനം ചെയ്യുന്നതിന് ജീവനക്കാരുടെ സംഘടനകൾ അനുകൂല അഭിപ്രായം അറിയിച്ചിട്ടുള്ളതായും ആയതിനാൽ നിലവിൽ ഡഫേദാർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്നവർക്ക് നിലവിലെ ശമ്പളം സംരക്ഷിച്ചുകൊണ്ടും, ടി ജീവനക്കാർ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ തുടർന്നുവെങ്കിൽ ലഭിക്കുമായിരുന്ന സീനിയോരിറ്റി സംരക്ഷിച്ചുകൊണ്ടും നിലവിലുള്ള ഡഫേദാർ തസ്തികകൾ ഓഫീസ് അറ്റൻഡന്റ് തസ്തികകളാക്കി മാറ്റാവുന്നതാണെന്നും ഇക്കാര്യത്തിൽ സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യതയൊന്നുമുണ്ടാകുന്നില്ലെന്നും പ്രസ്തുത ശിപാർശയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി വ്യക്തമാക്കിയിരുന്നു.

4) മേൽ വിഷയത്തിൽ ഉദ്യോഗസ്ഥഭരണ പരിഷ്ക്കാര വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായം

രേഖപ്പെടുത്തുകയുണ്ടായി.

"കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ആകെ അനുവദിച്ചിട്ടുള്ള 21 'ഡഫേദാർ' തസ്തികകളിൽ പ്രൊമോഷൻ മുഖേന നിയമനം ലഭിച്ച 8 പേരും, ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും നിയമിക്കപ്പെട്ട 13 പേരുമുൾപ്പെടെ ആകെ 21 പേർ ജോലി ചെയ്യുന്നുണ്ടെന്നാണ് ഭരണവകുപ്പ് ഫയലിൽ വ്യക്തമാക്കുന്നത്. അതിനാൽ നിലവിൽ ഡഫേദാർ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യമില്ലായെന്നു കാണുന്നു. പ്രൊമോഷനിലൂടെ നിയമിക്കപ്പെട്ട 8 പേർ ഏത് ഫീഡർ കാറ്റഗറിയിൽ നിന്നും നിയമിക്കപ്പെട്ടവരാണെന്നതോ, ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും നിയമിക്കപ്പെട്ട 13 പേരെ തസ്തികമാററം (by transfer) മുഖേന നിയമിച്ചതാണോ അതോ എന്തെങ്കിലും താൽക്കാലിക ക്രമീകരണത്തിൽ (വർക്കിംഗ് അറേഞ്ച്മെന്റ് പോലെ) നിയമിച്ചതാണോയെന്ന് ഫയലിൽ വ്യക്തമാക്കിയിട്ടില്ല. ഡഫേദാർ തസ്തിക ഓഫീസ് അറ്റൻഡന്റ് തസ്തികയായി മാറ്റുക എന്നത് കൊണ്ടുദ്ദേശിക്കുന്നത് ഡഫേദാർ തസ്തിക നിർത്തലാക്കുകയും, അത്രയും ഓഫീസ് അറ്റൻഡന്റ് തസ്തിക സൃഷ്ടിക്കുകയുമാണെന്ന് ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിൽ പരാമർശിച്ചു കാണുന്നു. അതിനാൽ ഡഫേദാർ തസ്തിക നിർത്തലാക്കി, പകരം അത്രയും എണ്ണം ഓഫീസ് അറ്റൻഡന്റ് തസ്തികകൾ അനുവദിക്കുകയും ചെയ്യുമ്പോൾ പ്രൊമോഷനിലൂടെയും, തസ്തികമാറ്റ നിയമനത്തിലൂടെയും ഡഫേദാർ തസ്തികയിൽ നിയമനം ലഭിച്ച് നിലവിൽ ജോലിയിൽ തുടരുന്നവരെ എപ്രകാരം ക്രമീകരിക്കും എന്നത് പരിശോധിക്കേണ്ടതാണ്. അതിന്റെ ഭാഗമായി ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് മാറ്റുന്നതിന് അവരുടെ സമ്മതം തേടുക, നിലവിൽ ഡഫേദാർ തസ്തികയിൽ ലഭിക്കുന്ന ശമ്പളാനുകൂല്യങ്ങൾ സംരക്ഷിച്ചു നൽകുന്നതുൾപ്പെടെയുള്ളവയിൽ തീരുമാനമെടുക്കുക, ഡഫേദാർ തസ്തികയിലുള്ളവരുടെ സീനിയോറിറ്റി ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ തർക്കരഹിതമായി ശരിയായവിധം ക്രമീകരിച്ചു നൽകുക എന്നിങ്ങനെയുള്ളവയിൽ തീരുമാനമെടുക്കേണ്ടതായി വരുമെന്നു കാണുന്നു. ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും നിയമിക്കപ്പെട്ടവർക്ക് അവരുടെ മുൻ സീനിയോറിറ്റി നിലനിർത്തി നൽകാവുന്നതാണ്. എന്നാൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നല്ലാതെ ഡഫേദാർ തസ്തികയിൽ നിയമിക്കപ്പെട്ടവരുടെ സീനിയോറിറ്റി ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ എപ്രകാരം അനുവദിക്കാനാവും എന്നത് പ്രത്യേകം

*പരിശോധിക്കേണ്ടതുണ്ട്. മേൽ വ്യക്തമാക്കിയവ കണക്കിലെടുത്ത് ഡഫേദാർ തസ്തിക നിർത്തലാക്കി പകരം ഓഫീസ് അറ്റൻഡന്റ് തസ്തിക അനുവദിക്കുകയാണോ അതോ ഡഫേദാർ തസ്തികയിലുള്ളവർക്ക് ഉയർന്ന തസ്തികകളിലേയ്ക്കുള്ള പ്രൊമോഷൻ സാധ്യത ഉറപ്പുവരുത്തുന്ന രീതിയിൽ (ഓഫീസ് അറ്റൻഡന്റുമാർക്ക് ലഭ്യമാകുന്ന അവസരങ്ങൾ ഡഫേദാർമാർക്കു കൂടി ലഭ്യമാക്കുന്നതിന്) ആവശ്യമായ വ്യവസ്ഥകൾ/ഉത്തരവുകൾ കൊണ്ടുവരുകയാണോ ഇക്കാര്യത്തിൽ പ്രായോഗികമായി ഉചിതമാകുന്നത് എന്നതിൽ പി.എസ്.സിയുമായി കൂടിയാലോചിച്ച് ഈ വിഷയത്തിൽ ഭരണവകുപ്പ് തീരുമാനമെടുക്കേണ്ടതാണ് എന്നറിയിക്കുന്നു".*

5. ഡഫേദാർ തസ്തിക ഓഫീസ് അറ്റൻഡന്റ് തസ്തികയായി പരിവർത്തനം ചെയ്യുന്നതുകൊണ്ട് സർക്കാരിന് സാമ്പത്തിക ബാധ്യതയൊന്നും ഉണ്ടാകാത്തതിനാലും പ്രസ്തുത തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നേടാൻ ഉദ്യോഗാർത്ഥികൾ വിമുഖത കാണിക്കുന്നതിനാലും, സ്ഥാനക്കയറ്റം ലഭിക്കുന്നവർക്ക് തസ്തികമാറ്റം വഴിയുള്ള നിയമനങ്ങൾക്ക് അവസരമില്ലാത്തതിനാലും ഡഫേദാർ തസ്തിക ഓഫീസ് അറ്റൻഡന്റ് തസ്തികയായി പരിവർത്തനം ചെയ്യുന്നത് പരിഗണനാർഹമാണെന്ന് കണ്ടതിനാൽ പ്രസ്തുത വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയുണ്ടായി ഇതു സംബന്ധിച്ച് ധനകാര്യ വകുപ്പ് ലഭ്യമാക്കിയ അഭിപ്രായം ചുവടെ സൂചിപ്പിക്കുന്നു

*"ഭരണ വകുപ്പ് ശിപാർശ അംഗീകരിക്കുന്നു.*

*ഇതിന് ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്".*

6. ഡഫേദാർ തസ്തിക ഓഫീസ് അറ്റൻഡന്റ് തസ്തികയാക്കി പരിവർത്തനം ചെയ്യുന്ന വിഷയത്തിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ, പ്രസ്തുത വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവിടുകയുണ്ടായി.

**<u>തീരുമാനിക്കേണ്ട വിഷയങ്ങൾ</u>**

1. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിലവിലുള്ള 21 ഡഫേദാർ തസ്തികകൾ ഓഫീസ് അറ്റൻഡന്റ് തസ്തികകളാക്കി പരിവർത്തനം ചെയ്ത് നൽകാമോ?

2. നിലവിൽ ഡഫേദാർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന 8 (എട്ട്) ഉദ്യോഗസ്ഥർക്ക് അവർ നിലവിൽ വാങ്ങിക്കൊണ്ടിരിക്കുന്ന ശമ്പളം സംരക്ഷിച്ച് നൽകാമോ?

3. പ്രസ്തുത 8 (എട്ട്) ഉദ്യോഗസ്ഥർക്ക് അവർ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ തുടർന്നുവെങ്കിൽ ലഭിക്കുമായിരുന്ന സീനിയോരിറ്റി സംരക്ഷിച്ച് നൽകാമോ?

**GOVERNMENT OF KERALA**
**(Sri. PINARAYI VIJAYAN MINISTRY)**

**Note for the Council of Ministers**

| | | | |
|---|---|---|---|
| 1. | File No. | : | SPL.E1/192/2018/GAD |
| 2. | Department | : | General Administration (Spl.E) Dept. |
| 3. | Subject | : | Converting the existing Posts of Dafedar in the Kerala Public Service Commission to the Posts of Office Attendant - reg. |
| 4. | Date of Chief Minister's order for placing before the council | : | 02.05.2025 |
| 5. | i. Does the case involve financial commitments/implications. | : | No |
| | ii. If the answer to the above is in the affirmative, whether Finance Department been consulted and their remarks incorporated in the Council Note. | : | Yes |
| 6. | Are any other departments concerned with the case and if so, have been consulted and their remarks incorporated in the Note for the Council? | : | Yes<br>Yes |
| 7. | Name of Additional Secretary who submitted the Draft Note | : | Smt. Sudha.B |
| 8. | Name of Secretary who approved the Draft Note | : | Shri. K. Biju |
| 9. | Date of approval of the Draft Note for the Council by the Secretary | : | 15.05.2025 |
| 10. | Name of Chief Secretary who approved the Draft Note | : | Dr. A. Jayathilak |
| 11. | Date of approval of the Draft Note for the Council by the Chief Secretary | : | 17.05.2025 |
| 12. | Name of Minister who approved the Draft Note | : | Shri. Pinarayi Vijayan |
| 13. | Date of approval of the Draft Note for the Council by the Minister | : | 21.05.2025 |
| 14. | Date of submission of fair copies | : | 22.05.2025 |
| 15. | Date of decision by the Council of Ministers | : | |
| 16. | Number and date of the G.O/letter communicating the decision | : | |

## Note for the Council of Ministers

This note relates to the proposal for converting the existing post of Dafedar in the Kerala Public Service Commission to the post of Office Attendant.

2. Appointments to the post of Dafedar in the Kerala Public Service Commission are made by promotion from among the Office Attendants. Out of the 21 posts of Dafedar currently existing in the Commission, 8 were filled through such promotions from the post of Office Attendant, while the remaining 13 are being managed through temporary working arrangements from among Office Attendants. As there are no further promotional prospects for those appointed as Dafedars, Office Attendants are generally reluctant to take up this promotion. Hence, the Secretary, Kerala Public Service Commission recommended converting the 21 post of Dafedar with a Pay Scale of ₹17,000–37,500 to the post of Office Attendant with a Pay Scale of ₹16,500–35,700.

3. Since the Employee Organizations have expressed their support for converting the post of Dafedar to the posts of Office Attendant, the Kerala Public Service Commission Secretary recommended that the existing post of Dafedars may be converted to Office Attendants with protection of their existing pay and the seniority they would have received, if they had remained in the Office Attendant post, and has also clarified that this conversion would not result in any additional financial burden to the Government.

4. When the opinion of the Personnel and Administrative Reforms Department was sought in the above matter, that Department opined as follows:

*"കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ആകെ അനുവദിച്ചിട്ടുള്ള 21 'ഡഫേദാർ' തസ്തികകളിൽ പ്രൊമോഷൻ മുഖേന നിയമനം ലഭിച്ച 8 പേരും, ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും നിയമിക്കപ്പെട്ട 13 പേരുമുൾപ്പെടെ ആകെ 21 പേർ ജോലി ചെയ്യുന്നുണ്ടെന്നാണ് ഭരണവകുപ്പ് ഫയലിൽ വ്യക്തമാക്കുന്നത്. അതിനാൽ നിലവിൽ ഡഫേദാർ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യമില്ലായെന്നു കാണുന്നു. പ്രൊമോഷനിലൂടെ നിയമിക്കപ്പെട്ട 8 പേർ ഏത് ഫീഡർ കാറ്റഗറിയിൽ നിന്നും നിയമിക്കപ്പെട്ടവരാണെന്നതോ, ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും നിയമിക്കപ്പെട്ട 13 പേരെ തസ്തികമാററം (by transfer) മുഖേന നിയമിച്ചതാണോ അതോ എന്തെങ്കിലും താൽക്കാലിക ക്രമീകരണത്തിൽ (വർക്കിംഗ് അറേഞ്ച്മെന്റ് പോലെ) നിയമിച്ചതാണോയെന്ന് ഫയലിൽ വ്യക്തമാക്കിയിട്ടില്ല. ഡഫേദാർ തസ്തിക ഓഫീസ് അറ്റൻഡന്റ് തസ്തികയായി മാറ്റുക എന്നത് കൊണ്ടുദ്ദേശിക്കുന്നത് ഡഫേദാർ തസ്തിക നിർത്തലാക്കുകയും, അത്രയും ഓഫീസ് അറ്റൻഡന്റ് തസ്തിക സൃഷ്ടിക്കുകയുമാണെന്ന് ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിൽ പരാമർശിച്ചു കാണുന്നു. അതിനാൽ ഡഫേദാർ തസ്തിക നിർത്തലാക്കി, പകരം അത്രയും എണ്ണം ഓഫീസ് അറ്റൻഡന്റ് തസ്തികകൾ അനുവദിക്കുകയും ചെയ്യുമ്പോൾ പ്രൊമോഷനിലൂടെയും, തസ്തികമാറ്റ നിയമനത്തിലൂടെയും ഡഫേദാർ തസ്തികയിൽ നിയമനം ലഭിച്ച് നിലവിൽ ജോലിയിൽ തുടരുന്നവരെ എപ്രകാരം ക്രമീകരിക്കും എന്നത് പരിശോധിക്കേണ്ടതാണ്. അതിന്റെ ഭാഗമായി ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് മാറ്റുന്നതിന് അവരുടെ സമ്മതം തേടുക, നിലവിൽ ഡഫേദാർ തസ്തികയിൽ ലഭിക്കുന്ന ശമ്പളാനുകൂല്യങ്ങൾ സംരക്ഷിച്ചു നൽകുന്നതുൾപ്പെടെയുള്ളവയിൽ തീരുമാനമെടുക്കുക, ഡഫേദാർ*

തസ്തികയിലുള്ളവരുടെ സീനിയോറിറ്റി ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ തർക്കരഹിതമായി ശരിയായവിധം ക്രമീകരിച്ച് നൽകുക എന്നിങ്ങനെയുള്ളവയിൽ തീരുമാനമെടുക്കേണ്ടതായി വരുമെന്നു കാണുന്നു. ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും നിയമിക്കപ്പെട്ടവർക്ക് അവരുടെ മുൻ സീനിയോറിറ്റി നിലനിർത്തി നൽകാവുന്നതാണ്. എന്നാൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നല്ലാതെ ഡഫേദാർ തസ്തികയിൽ നിയമിക്കപ്പെട്ടവരുടെ സീനിയോറിറ്റി ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ എപ്രകാരം അനുവദിക്കാനാവും എന്നത് പ്രത്യേകം പരിശോധിക്കേണ്ടതുണ്ട്. മേൽ വ്യക്തമാക്കിയവ കണക്കിലെടുത്ത് ഡഫേദാർ തസ്തിക നിർത്തലാക്കി പകരം ഓഫീസ് അറ്റൻഡന്റ് തസ്തിക അനുവദിക്കുകയാണോ അതോ ഡഫേദാർ തസ്തികയിലുള്ളവർക്ക് ഉയർന്ന തസ്തികകളിലേയ്ക്കുള്ള പ്രൊമോഷൻ സാധ്യത ഉറപ്പുവരുത്തുന്ന രീതിയിൽ (ഓഫീസ് അററൻഡന്റുമാർക്ക് ലഭ്യമാകുന്ന അവസരങ്ങൾ ഡഫേദാർമാർക്കു കൂടി ലഭ്യമാക്കുന്നതിന്) ആവശ്യമായ വ്യവസ്ഥകൾ/ഉത്തരവുകൾ കൊണ്ടുവരുകയാണോ ഇക്കാര്യത്തിൽ പ്രായോഗികമായി ഉചിതമാകുന്നത് എന്നതിൽ പി.എസ്.സിയുമായി കൂടിയാലോചിച്ച് ഈ വിഷയത്തിൽ ഭരണവകുപ്പ് തീരുമാനമെടുക്കേണ്ടതാണ് എന്നറിയിക്കുന്നു".

5. As the conversion of the post of Dafedar to the post of Office Attendant does not involve any financial liability to the Government, and since candidates are reluctant to accept promotion to the said post, and those who receive promotion do not get opportunities for appointment through by transfer posts, it was found appropriate to consider converting the Dafedar post to the Office Attendant post and accordingly, the remarks of the Finance Department was sought for in the matter. The remarks offered by the Finance Department is as follows:

"ഭരണ വകുപ്പ് ശിപാർശ അംഗീകരിക്കുന്നു. ഇതിന് ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്".

6. When the file was circulated to the Hon'ble Chief Minister for orders on the matter regarding converting the post of Dafedar into the post of Office Attendant, it was ordered to place the matter before the Council of Ministers.

## Points for Decision

1. Whether the 21 existing posts of Dafedar in the Kerala Public Service Commission may be converted to the post of Office Attendant?
2. Whether the 8 (eight) employees currently serving in the Dafedar post may be granted protection of the salary they are presently drawing?
3. Whether the above said 8 (eight) Officers may be granted protection of the seniority they would have received, if they had remained in the post of Office Attendant?